പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3301 | 16.12. 2015-ൽ മറുപടിക്ക്

# നഗരങ്ങളിൽ കംഫർട്ട് സ്റ്റേഷൻ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ. ആർ. സെൽവരാജ്<br>ശ്രീ. കെ.ശിവദാസൻ നായർ | | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| (എ) നഗരങ്ങളിൽ കംഫർട്ട് സ്റ്റേഷൻ ആരംഭിക്കാൻ കർമ്മ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ ; വിശദമാക്കുമോ; | (എ) | ഉണ്ട്. നഗരപ്രദേശങ്ങളിൽ പബ്ലിക്ക് കംഫർട്ട് സ്റ്റേഷൻ ആരംഭിക്കുന്നതിന് തൻവർഷം മുതൽ നടപടി സ്വീകരിച്ചിട്ടുണ്ട്. ആയതിലേയ്ക്ക് നഗരസഭകൾ തയ്യാറാക്കി സമർപ്പിക്കുന്ന പ്രൊപ്പോസൽ പരിശോധിച്ച് അനുമതിയും അർഹമായ സാമ്പത്തിക സഹായവും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ശുചിത്വ മിഷൻ മുഖേന അനുവദിച്ചു നൽകുവാൻ കഴിയും. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയായ സ്വച്ഛ് ഭാരത് മിഷൻ (അർബൻ) പദ്ധതിയിൽ പബ്ലിക്ക് ടോയ്‌ലറ്റുകൾ ഒരു ഘടകമാണ്. |
| (ബി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വ്യക്തമാക്കുമോ ? | (ബി) | പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ തൻ വർഷം സംസ്ഥാന പ്ലാനിൽ തുക വകയിരുത്തിയിട്ടുണ്ട്. സ്വച്ഛ് ഭാരത് മിഷൻ(അർബൻ) പദ്ധതിയുടെ സംസ്ഥാന പ്രവർത്തന മാർഗ രേഖ പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ